Draft #3 of File 50701/SF 1/2/2019/SF 1 Approved by DEPUTY REGISTRAR (P & D) on 27-Oct-2020 03:10 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല CPAS നു കൈമാറിയ സ്വാശ്രയ സ്ഥാപനങ്ങളുടെ 2019-'20 വർഷത്തെ വാടക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർവകലാശാലാ രജിസ്ട്രാറെ ചുമതലപ്പെടുത്തികൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സെൽഫ് ഫിനാൻസിങ് 1 സെക്ഷൻ**

നമ്പർ. 4980/SF 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.10.2020

---

*പരാമർശം:*-13.10.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 91/20.05/DDFS-50701/SF1/2019

**ഉത്തരവ്**

2016-'17 അദ്ധ്യയന വർഷം വരെ സർവ്വകലാശാല നേരിട്ടു നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളെല്ലാം തന്നെ 2017-'18 അദ്ധ്യയന വർഷം മുതൽ സർക്കാർ രൂപീകൃത സൊസൈറ്റിയായ സെൻറർ ഫോർ പ്രൊഫഷണൽ ആൻറ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS)നു കൈമാറിയിട്ടുള്ളതാണ്. സർവകലാശാലയും CPASഉം തമ്മിൽ 19.06.2017-ന് ഒപ്പുവെച്ചിട്ടുള്ള കരാറിലെ 21-ാം ഖണ്ഡികയിലെ വ്യവസ്ഥയനുസരിച്ച് സൊസൈറ്റിക്ക് കൈമാറിയിട്ടുള്ള, സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിന് വാടകയിനത്തിൽ പ്രതിവർഷം പത്തു ലക്ഷം രൂപ CPAS സർവ്വകലാശാലയ്ക്ക് നൽകേണ്ടതുണ്ട്. എന്നാൽ വാർഷിക വാടക നൽകാൻ CPAS വിമുഖത കാട്ടിയ സാഹചര്യത്തിൽ ബഹു. വൈസ് ചാൻസിലറുടെ 26.12.2019 തീയതിയിലെ ഉത്തരവു പ്രകാരം ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

അതിനിടയിൽ, 2017-'18, 2018-'19 വർഷത്തെ വാർഷിക വാടകയായ 20 ലക്ഷം രൂപ 2020 മാർച്ച് മാസത്തിൽ CPAS സർവ്വകലാശാലാ ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ അടക്കുകയുണ്ടായി.

13.10.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം വാർഷിക വാടക സംബന്ധിച്ച വിഷയം പരിഗണിക്കുകയും മേൽ പരാമർശം പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുകയുമുണ്ടായി:

"പ്രസ്തുത വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും 2019-2020 വർഷത്തെ വാടക അടിയന്തിരമായി സർവകലാശാലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ദിലീപ് കുമാർ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)

പകർപ്പ്

1. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ
3. എ.സി.സി സെക്ഷൻ
4. ഡയറക്ടർ, CPAS
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. സ്റ്റോക്ക് ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 50701/SF 1/2/2019/SF 1 Approved by DEPUTY REGISTRAR (P & D) on 27-Oct-2020 03:10 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം